പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 935 **14-10-2026-ൽ മറുപടിയ്ക്ക്**

ഭൂഗർഭജല സംരക്ഷണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഫൈസൽ ബാബു

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കാലാവസ്ഥാ വ്യതിയാനവും ഭൂഗർഭജലനിരപ്പിലെ വ്യതിയാനങ്ങളും കണക്കിലെടുത്ത് കേരളത്തിലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ലഭിക്കുന്ന മഴവെള്ളത്തിന്റെ പരമാവധി ഭാഗം റെയിൻ വാട്ടർ ഹാർവസ്റ്റിംഗ്, ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് സംവിധാനങ്ങളിലൂടെ ഭൂഗർഭജലമായി സംഭരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാനതല കുടിവെള്ള സുരക്ഷാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: കാലാവസ്ഥാ വ്യതിയാനം, മഴയുടെ കാലികവും സ്ഥലപരവുമായ വിതരണത്തിലെ മാറ്റങ്ങൾ, ഭൂഗർഭജലനിരപ്പിലെ വ്യതിയാനങ്ങൾ എന്നിവ പരിഗണിച്ച് മഴവെള്ള സംഭരണം, ഭൂഗർഭജല പുനർഭരണം, ജലവിഭവങ്ങളുടെ ശാസ്ത്രീയ ആസൂത്രണം എന്നിവ ശക്തിപ്പെടുത്തുന്നത് ദീർഘകാല ജലസുരക്ഷയ്ക്ക് പ്രധാനമാണ്.

ഭൂജല സംരക്ഷണവും സംപോഷണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ ഇറന്ന കിണർ /മഴക്കുഴികൾ / കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ.) സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് റെയിൻ വാട്ടർ ഹാർവസ്റ്റിംഗ്, ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് എന്നീ രണ്ട് പരിപാടികളാണ് നടപ്പിലാക്കി വരുന്നത്.

"മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും" [(2215-01-860-64(PV)]

"മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പരിപാടിയുടെ ഭാഗമായി, കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും അർഹരായ കുടുംബങ്ങളെ കണ്ടെത്തി 10000 ലിറ്റർ മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്നതിന് സഹായകരമായ മഴവെള്ള സംഭരണികൾ ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച് നൽകുന്നു.

പാത്തി, പൈപ്പ് ഉപയോഗിച്ച് മഴവെള്ളം മേൽക്കൂരയിൽ നിന്നും ഇറക്കി അരിപ്പയിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് മഴവെള്ള സംഭരണികളിൽ ശേഖരിച്ച് ഗാർഹിക ഗാർഹികേതര

ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഇതിനോടകം 12685 കുടുംബങ്ങൾക്ക് / സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം 860 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. സംഭരണികളിൽ നിന്നും നിറഞ്ഞ് കവിഞ്ഞ് ഒഴുകിപ്പോകുന്ന ജലം തൊട്ടടുത്തുള്ള കിണറുകളിലേക്കോ, മഴക്കുഴിയിലേക്കോ കടത്തിവിട്ട് റീചാർജ്ജ് ചെയ്യുന്നതിലൂടെ പ്രസ്തുത പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ക്രമേണ ഉയരുന്നതിന് സഹായകരമാകുന്നു.

"ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക" [4215-01-800-85(P)]

a) "ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക" എന്ന പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ബി.പി.എൽ, SC/ST, മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കിണറുകൾ അറ്റകുറ്റ പണികൾ നടത്തി സുരക്ഷിതമാക്കുകയും മേൽക്കൂരയിൽ പെയ്യുന്ന മഴവെള്ളം ശേഖരിച്ച് കിണറുകളിലേക്ക് കടത്തിവിട്ട് റീചാർജ്ജ് ചെയ്യുകയും ചെയ്തു വരുന്നു.

573 കുടുംബങ്ങളുടെ കിണറുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ 82 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു.

b) കൂടാതെ ഈ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി മേൽക്കൂരയിൽ പെയ്യുന്ന മഴവെള്ളം ശേഖരിച്ച് ബി.പി.എൽ, SC/ST, മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള കുടുംബങ്ങളുടെ കിണറുകൾക്ക് റീചാർജ്ജ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. 2936 കുടുംബങ്ങളുടെ കിണറുകൾക്ക് റീചാർജ്ജ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 200 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ ലക്ഷ്യമിടുന്നു.

c) ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ മഴവെള്ളം സംഭരിച്ച് തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 2025-26 സാമ്പത്തിക വർഷം ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകി.

സംസ്ഥാനത്തെ നാല് ക്രിട്ടിക്കൽ / സെമി ക്രിട്ടിക്കൽ ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ മലമ്പുഴ, ചിറ്റൂർ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ഇടുക്കി ജില്ലയിലെ കട്ടപ്പന എന്നിവിടങ്ങളിലുള്ള ഗ്രാമപഞ്ചായത്തുകളിലെ എല്ലാ തുറന്ന കിണറുകളും ഘട്ടം ഘട്ടമായി മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

2025-26, 2026-27 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1335 കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കൽ, ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മേൽപ്പറഞ്ഞ വിവിധ റീചാർജ്ജിംഗ് പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പ്രസ്തുത പ്രദേശത്തുള്ള കിണറുകളിലെ ഭൂജലവിതാനത്തിന്റെ അളവ് ക്രമേണ വർദ്ധിക്കുകയും കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കണ്ടെത്തുവാനും സാധിക്കും.

ഹരിതകേരളം മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രാദേശികതല ജലബജറ്റ് തയ്യാറാക്കൽ പ്രക്രിയയ്ക്ക് Centre for Water Resources Development and Management (CWRDM) ശാസ്ത്രീയവും സാങ്കേതികവുമായ പിന്തുണയും പരിശീലനവും നൽകിവരുന്നു. ജലലഭ്യത, ജലാവശ്യം, വിവിധ മേഖലകളിലെ ജലവിനിയോഗം എന്നിവയുടെ വിവരശേഖരണം, കണക്കുകൂട്ടൽ, താരതമ്യവിശകലനം, ജലദൗർലഭ്യവും മിച്ചവും തിരിച്ചറിയൽ, അതിന്റെ അടിസ്ഥാനത്തിൽ

ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ എന്നിവ ഉൾപ്പെടുന്നതാണ് ജലബജറ്റിംഗ്. ഉദ്യോഗസ്ഥർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഹരിതകേരളം മിഷനും CWRDM-ഉം ചേർന്ന് Guidelines for Water Budgeting (2023) എന്ന മാർഗരേഖ ഇംഗ്ലീഷിലും മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പ്രാദേശിക ജലസുരക്ഷാ ആസൂത്രണത്തിനുള്ള സാങ്കേതിക അടിത്തറ ശക്തിപ്പെടുത്തുന്നു.

മഴവെള്ള സംഭരണവും കിണർ റീചാർജ്ജിംഗും സംബന്ധിച്ച പ്രവർത്തനങ്ങൾ CWRDM മുഖേനയും നടത്തിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ചാത്തങ്കാവ് മാതൃകാ നീർത്തടത്തിനുള്ള മാസ്റ്റർ പ്ലാൻ പദ്ധതിയുടെ ഭാഗമായി ആറ് വീടുകളിൽ മേൽക്കൂരയിലെ മഴവെള്ളം ഉപയോഗിച്ച് കിണർ റീചാർജ്ജിംഗ് സംവിധാനങ്ങൾ സ്ഥാപിക്കുകയും, CWRDM ക്യാമ്പസിലും പരിസരപ്രദേശങ്ങളിലും ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള കൃത്രിമ ഭൂഗർഭജല പുനർഭരണ സംവിധാനങ്ങളുടെ സാധ്യതാ പഠനവും പ്രവർത്തനങ്ങളും നടത്തുകയും മഴവെള്ള സംഭരണവും പുനർഭരണവും സംബന്ധിച്ച സംവിധാനങ്ങൾ നിർദേശിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

തീരദേശ ജലഗുണനിലവാരവും ഭൂഗർഭജല പുനർഭരണവും മെച്ചപ്പെടുത്തുന്നതിനായി വലപ്പാട് മേഖലയിലെ മൂന്ന് ഇടങ്ങളിൽ മേൽക്കൂര മഴവെള്ളം ഉപയോഗിച്ചുള്ള ഫിൽട്ടർ പോയിന്റ് റീചാർജ്ജിംഗ് നടപ്പിലാക്കുകയും, കാക്കനാട്ടെ കൊച്ചിൻ പ്രത്യേക സാമ്പത്തിക മേഖലയിലെ ക്യാമ്പസിനായി മഴവെള്ള സംഭരണവും ഭൂഗർഭജല പുനർഭരണവും നടപ്പാക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ